# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 389 03.02.2014- ൽ മറുപടിയ്ക്ക്

## ആശുപത്രികളിലെ ഇൻസിനറേറ്ററുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എ. അസീസ് | | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മെഡിക്കൽ കോളേജ് അടക്കമുള്ള സർക്കാർ, സ്വകാര്യ ആശുപത്രികളിൽ മെഡിക്കൽ വേസ്റ്റുകളുടെ നിർമാർജനത്തിനായി ഇൻസിനറേറ്ററുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളത്. | (എ) | സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററുകളുടെ പ്രവർത്തനം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ടെക്നിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നിരന്തരം അവലോകനം ചെയ്ത് അത് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഈ സംവിധാനം ലഭ്യമാണ്. ആരോഗ്യവകുപ്പിന് കീഴിലുള്ള പ്രധാന ആശുപത്രി കളിലും ഇൻസിനറേറ്റർ പ്രർത്തിച്ചുവരുന്നുണ്ട്. ആയതിന്റെ പ്രവർത്തനം പരിശോധിക്കുന്നത് പ്രസ്തുത ആശുപത്രി സൂപ്രണ്ട്, നഴ്സിംഗ് സൂപ്രണ്ട് എന്നിവരാണ്.<br>ഇൻസിനറേറ്ററുകളുടെ പ്രവർത്തന ചെലവ് വളരെ ഉയർന്നതാണ്. അതിനാൽ സർക്കാർ മെഡിക്കൽ കോളേജുകളിലെയും സംസ്ഥാനത്തെ മറ്റ് പ്രധാന സർക്കാർ ആശുപത്രികളിലെയും 4763 സ്വകാര്യ ആശുപത്രികളിലെയും ബയോ മെഡിക്കൽ വേസ്റ്റുകൾ ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ സംരംഭമായ **IMAGE** എന്ന സ്ഥാപനം വഴി ശേഖരിച്ച് സംസ്കരിച്ചുവരുന്നു. പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് രണ്ടാഴ്ച കൂടുമ്പോൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഈ സ്ഥാപനം മുഖേന മാലിന്യസംസ്കരണം പരിസ്ഥിതിക്ക് കോട്ടം വരാതെ വളരെ കാര്യക്ഷമമായി നടന്നുവരുന്നു. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ചെറിയ ആശുപത്രികളിൽ ബയോ മെഡിക്കൽ വേസ്റ്റുകൾ മലിനീകരണം ഉണ്ടാകാത്ത തരത്തിലുള്ള |

| | | |
|---|---|---|
| | | കത്തിക്കൽ, ആഴത്തിലുള്ള കുഴികൾ കുഴിച്ചുള്ള സംസ്കരണം, ഡീപ്പ് പിറ്റ് എന്നീ രീതിയിലാണ് സംസ്കരിച്ചുവരുന്നത്. |
| (ബി) മുഴുവൻ ആശുപത്രികളിലും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുമോ ? | (ബി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള പ്രധാന ആശുപത്രികളിലും ഇൻസിനറേറ്റർ പ്രവർത്തിച്ചു വരുന്നു. ഇൻസിനറേറ്ററുകളുടെ പ്രവർത്തന ചെലവ് കൂടുതലായതിനാലും, അവയുടെ പ്രവർത്തനത്തിന് സാങ്കേതിക പരിജ്ഞാനമുള്ള ഓപ്പറേറ്റർമാർ ആവശ്യമായതിനാലും, ഇൻസിനറേറ്ററുകളുടെ മെയിന്റനൻസ് കാലാകാലങ്ങളിൽ ചെയ്യേണ്ടതിനാലും, ആയതിൽ സംസ്കരിക്കാവുന്ന മാലിന്യം പരിമിതമായതിനാലും, ഇൻസിനറേറ്ററുകളെ മാത്രമായി ആശുപത്രി മാലിന്യ സംസ്കരണത്തിന് ആശ്രയിക്കാൻ കഴിയുന്നതല്ല. ഓരോ ആശുപത്രികളിലും പ്രത്യേക ഇൻസിനറേറ്റർ തുടങ്ങുന്നതിനേക്കാളും പൊതുവായ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് സംവിധാനം വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ